പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം: * 100

14/06/2012-ൽ മറുപടി
നല്കേണ്ടത്

## ഭൂരഹിതർക്ക് ഭൂമി

**ചോദ്യം**

ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. എസ്. സുനിൽ കുമാർ:
ശ്രീമതി ഗീതാ ഗോപി:
ശ്രീമതി ഇ. എസ്. ബിജി മോൾ:

**ഉത്തരം**

ശ്രീ.അടൂർ പ്രകാശ്
(റവന്യൂ വകുപ്പ് മന്ത്രി)

(എ) 'ഭൂരഹിതർക്ക് ഭൂമി' എന്ന പദ്ധതി പ്രകാരം ഭൂമി ലഭ്യമാക്കുന്നതിന് ആകെ എത്ര അപേക്ഷകൾ ലഭിച്ചു;

(എ) 2015 ഓടുകൂടി ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റുക എന്ന ലക്ഷ്യത്തോടുകൂടിയാണ് Zero Landless (citizens) Kerala 2015 എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി പ്രകാരം 04/06/2012 വരെ ആകെ 4,10,848/- അപേക്ഷകൾ വില്ലേജ് ഓഫീസുകൾ വഴി വിതരണം ചെയ്തിട്ടുണ്ട്. ഇപ്രകാരം വിതരണം ചെയ്ത അപേക്ഷകളിൽ 1,84,999 പൂരിപ്പിച്ച അപേക്ഷകൾ തിരികെ വില്ലേജ് ഓഫീസുകളിൽ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷകളുടെ പരിശോധന പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ ഏതു ഘട്ടത്തിലായി എന്ന് വെളിപ്പെടുത്തുമോ ;

(ബി) 04/06/2012 വരെ ആകെ 24,973 അപേക്ഷകളിന്മേൽ വില്ലേജ് ഓഫീസർ, താലൂക്ക് തഹസീൽദാർ എന്നിവരുടെ പ്രാഥമിക പരിശോധന പൂർത്തിയാക്കിയിട്ടുള്ളതും പ്രഥമദൃഷ്ട്യാ അർഹരായവരുടെ ലിസ്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി www.zerolandless.kerala.gov.in എന്ന വെബ്സൈറ്റിലെ 'Public Corner' എന്ന സെക്ഷനിൽ അപ്പപ്പോൾ തന്നെ പ്രസിദ്ധീകരിക്കുകയും ചെയ്തു വരുന്നതുമാണ്. ഈ ലിസ്റ്റിന് താലൂക്ക് ലാന്റ് അസൈൻമെന്റ് കമ്മിറ്റികളുടെ അംഗീകാരത്തോടെയാണ് പട്ടയം നല്കുന്ന നടപടി പൂർത്തിയാക്കുന്നത്. ബാക്കിയുള്ള അപേക്ഷകളുടെ പരിശോധന 30/06/2012ന് മുമ്പ് പൂർത്തിയാക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

(സി) പ്രസ്തുത അപേക്ഷകൾ തുടർ നടപടികളില്ലാതെ വില്ലേജ് ആഫീസുകളിൽ കെട്ടിക്കിടക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) വില്ലേജ് ഓഫീസുകളിൽ നിലവിലുള്ള ജീവനക്കാരെക്കൊണ്ടാണ് ഈപദ്ധതിയ്ക്കായുള്ള അപേക്ഷകളുടെ പരിശോധന നടത്തേണ്ടത്. വില്ലേജ് ഓഫീസർമാരുടെയും തഹസീൽദാർമാരുടെയും കാര്യക്ഷമമായ പ്രവർത്തനം കൊണ്ടാണ് 24,973/- അപേക്ഷകളുടെ പരിശോധന 04/06/2012നകം പൂർത്തിയാക്കുവാൻ സാധിച്ചിട്ടുള്ളത്. ബാക്കിയുള്ള അപേക്ഷകളുടെ പ്രാഥമികതല പരിശോധന 30/06/2012നകം പൂർത്തിയാക്കുന്നതിന് ത്വരിത ഗതിയിലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എത്ര അപേക്ഷകൾ ഓരോ ദിവസവും, ജില്ലാടിസ്ഥാനത്തിൽ

പരിശോധന പൂർത്തിയാക്കി എന്നുള്ളത് പൊതുജനങ്ങൾക്ക് പരിശോധിക്കുന്നതിന് htpp://zerolandless.kerala.gov.in/zllk/info എന്ന വെബ്സൈറ്റിലൂടെ സാധ്യമാണ്.

(ഡി) പ്രസ്തുത ഭൂരഹിതർക്ക് നൽകുന്നതിനായി എത്ര ഹെക്ടർ ഭൂമി ആവശ്യമുണ്ടെന്ന് വ്യക്തമാക്കുമോ ?

(ഡി) ഭൂരഹിതരായ ഓരോ കുടുംബത്തിനും ഭവനനിർമ്മാണത്തിന് 3 സെന്റ് ഭൂമി വീതം നല്കുവാനാണ് പ്രസ്തുത പദ്ധതി പ്രകാരം വിഭാവനം ചെയ്തിട്ടുള്ളത്. വില്ലേജ് ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളുടെ പ്രാഥമിക പരിശോധന പൂർത്തിയാക്കി സംസ്ഥാനത്താകെയുള്ള ഭൂരഹിതരുടെ ലിസ്റ്റ് താലൂക്ക് ലാന്റ് അസൈൻമെന്റ് കമ്മിറ്റികളുടെ പരിഗണനയ്ക്കായി 15/08/2012ന് പ്രസിദ്ധീകരിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ആയതിനുശേഷം മാത്രമേ എത്ര ഭൂമി ആവശ്യമായി വരും എന്നതിനെ സംബന്ധിച്ച കൃത്യമായ കണക്ക് ലഭിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ